"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീമതി. ഇന്ദു. എസ് ന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1276/2026/LSGD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1. സ.ഉ.(എം.എസ്) നം.110/2000/തസ്വഭവ നമ്പർ ഉത്തരവ്, തീയതി 19/04/2000.
2. സ. ഉ (സാധാ) നം.1781/2019/തസ്വഭവ ഉത്തരവ്, തീയതി 17.08.2019.
3. സ. ഉ (സാധാ) നം.2901/2026/പൊഭവ ഉത്തരവ്, തീയതി 09.06.2026.

**ഉത്തരവ്**

1997-ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടം 3 പ്രകാരം സംസ്ഥാന പെർഫോർമൻസ് അതോറിറ്റിയെ സഹായിക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ നിയമിച്ചിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും നടത്തിവരുന്ന പെർഫോമൻസ് ഓഡിറ്റിന്റെ മേൽനോട്ടം, സംസ്ഥാനതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ഏകോപനം, തദ്ദേശ സ്വയംഭരണ വകുപ്പിലെ സംസ്ഥാന തല കോ ഓർഡിനേഷൻ സമിതി ആവശ്യപ്പെടുന്ന വിഷയങ്ങളിൽ റിപ്പോർട്ട് നൽകുക, നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട് സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുക , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓംബുഡ്സ്മാൻ നിർദ്ദേശിക്കുന്ന പരാതികൾ സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് നൽകുക എന്നിവയാണ് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പ്രധാന ചുമതലകൾ.

പരാമർശം (2) പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന അഡിഷണൽ സെക്രട്ടറി ശ്രീ.എം.എസ്.ബിജുകുട്ടൻ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും സ്ഥലമാറ്റമായതിനെ തുടർന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ നിയമിച്ചിരുന്നില്ല. പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയായി ശ്രീമതി ഇന്ദു എസ്-നെ നിയമിച്ചിരുന്നു.

ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറി ശ്രീമതി ഇന്ദു. എസ്- ന് (PEN 101727) സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

**പകർപ്പ്:**

ശ്രീമതി ഇന്ദു എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരളം, തിരുവനന്തപുരം.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

മേഖല പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കോഴിക്കോട്, കൊച്ചി, കൊല്ലം.

ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം - തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്.

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (AA4/35/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Jayakrishnan. K
Date: 13-07-2026
11:41:03

സെക്ഷൻ ഓഫീസർ